**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2576 **06.02.2018** -ലെ മറുപടിക്ക്

**<u>പട്ടികജാതി സങ്കേതങ്ങൾ ആധുനികവൽക്കരിക്കുന്ന പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി സങ്കേതങ്ങൾ ആധുനിക വൽക്കരിക്കുന്ന പദ്ധതിയുടെ ഭാഗമായി ഇപ്പോൾ എത്ര കോളനികളിൽ അടിസ്ഥാന സൗകര്യ വികസനമേർപ്പെടുത്തി യിട്ടുണ്ട്; ഇതിനായി എത്ര കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം 2012-13, 2013-14 വർഷങ്ങളിൽ 209 എണ്ണവും അംബേദ്കർ ഗ്രാമവികസന പരിപാടിയിൽ 2016-17-ൽ 243 ഉം സങ്കേതങ്ങളെ സമഗ്രവികസനത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. 306 സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം ഏർപ്പെടുത്തി വരുന്നു. ഇതിനായി നാളിതുവരെ 2,37,35,02,574/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | റാന്നി നിയോജകമണ്ഡലത്തിൽ ഇതിനകം ഏതൊക്കെ കോളനികളിൽ ഈ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞുവെന്നറി യിക്കാമോ; ഓരോ കോളനികളിലും എന്തൊക്കെ അടിസ്ഥാന സൗകര്യ വികസനങ്ങളാണ് നടപ്പാക്കാൻ കഴിഞ്ഞതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ; | (ബി) | റാന്നി നിയോജകമണ്ഡലത്തിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി ബിമ്മരം കോളനിയിൽ നടപ്പിലാക്കിയിട്ടുണ്ട്. ടി കോളനിയിൽ ഭവന പുനരുദ്ധാരണം, റോഡ് കോൺക്രീറ്റിംഗ്, അങ്കണവാടി പുനരുദ്ധാരണം സാംസ്കാരിക നിലയം പുനരുദ്ധാരണം, കിണർ നിർമ്മാണം, കുടിവെള്ള വിതരണം എന്നീ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി. |
| (സി) | ഈ വർഷം പദ്ധതി നടപ്പാക്കുന്നതിനായി ഏതൊക്കെ കോളനികളെയാണ് തെരെഞ്ഞെടുത്തിട്ടുള്ളത്; | (സി) | ചാന്തോലിൽ, മോതിരവയൽ 52 ഏക്കർ എന്നീ പട്ടികജാതി കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഏതൊക്കെ ഏജൻസികൾ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നതെന്നും എന്ന് മുതൽ ഇവയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നും വ്യക്തമാക്കുമോ? | (ഡി) | കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. ചാന്തോലിൽ കോളനിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. മോതിരവയൽ 52 ഏക്കർ കോളനിയുടെ എസ്റ്റിമേറ്റ് ഏജൻസി ലഭ്യമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ